28024
11/11/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employment Enhancement Programme) 2017-18 – പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം.116/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 30.10.2017.

---

പരാമർശം:
1. സ.ഉ.(സാധാ)നം.70/2013/പി.സ.വി.വ, തീയതി 16.08.2013.
2. സ.ഉ.(സാധാ)നം.62/2016/പി.സ.വി.വ, തീയതി 18.08.2016.
3. സ.ഉ.(സാധാ)നം.69/2016/പി.സ.വി.വ, തീയതി 01.09.2016.
4. സ.ഉ.(സാധാ)നം.87/2017/പി.വി.വി.വ, തീയതി 16.08.2017.
5. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 14.09.2017 -ലെ ബിസിഡിഡി - എ 3-1423/2017 നമ്പർ കത്ത്.
6. 28.10.2017 -ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനം.

**ഉത്തരവ്**

2017-18 സംസ്ഥാന ബഡ്ജറ്റിൽ 2225-03-277-90 (പ്ലാൻ) എന്ന ശീർഷകത്തിൽ തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി (Employment Enhancement Programme) പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനം 650 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. പരാമർശം 4 -ലെ സർക്കാർ ഉത്തരവ് പ്രകാരം തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടിയിൽ ഉൾപ്പെടുത്തി 3 തുടർ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 475 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം 5 -പ്രകാരം തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയതായി നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികൾക്കായി ഭരണാനുമതി നൽകണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

| ക്രമ നം. | പദ്ധതിയുടെ പേര് | | അടങ്കൽ തുക |
|---|---|---|---|
| 1 | യു.ജി.സി. ഗേറ്റ്/ മാറ്റ് | - | 25 ലക്ഷം |
| 2 | സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സ്വയം തൊഴിൽ പദ്ധതി | - | 100 ലക്ഷം |
| 3 | പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ | - | 50 ലക്ഷം |
| | ആകെ | - | 175 ലക്ഷം |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 28.10.2017 -ന് നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് 175 ലക്ഷം രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന് അംഗീകാരം നൽകുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 2225-03-277-90 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന മേൽ പരാമർശിച്ചിട്ടുള്ള മൂന്ന് പദ്ധതികൾക്ക്, അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതി മാനദണ്ഡങ്ങൾക്കും പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ. പി. എൻ**
**ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ), തിരുവനന്തപുര
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

പദ്ധതി- 1

## UGC/NET/ JRF/MAT/GATE

## പരീക്ഷകൾക്കുള്ള പരിശീലനം

(25 ലക്ഷം)

**ലക്ഷ്യം :-**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നും ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവർക്ക് UGC/NET/JRF പരീക്ഷകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഗ്രാന്റ് നൽകുന്നതിന് ലക്ഷ്യമിടുന്നു. അതോടൊപ്പം എഞ്ചിനീയറിംഗ് / മാനേജ്മെന്റ് കോഴ്സുകളിലെ ഉപരിപഠനത്തിനുള്ള GATE/MAT പരീക്ഷകളിലും ഒ.ബി.സി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ :-**

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിലെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം അധികരിക്കാത്ത ഉദ്യോഗാർത്ഥികൾ / വിദ്യാർത്ഥികൾ. ഓരോ മത്സര പരീക്ഷയുടേയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ 60% ത്തിലേറെ മാർക്ക് നേടിയവരായിരിക്കണം. UGC / JRF പരീക്ഷകളിൽ മാനവിക വിഷയങ്ങളിൽ ഒ.ബി.സി വിഭാഗത്തിന് അപേക്ഷിക്കാനുള്ള അടിസ്ഥാന മാർക്ക് ശതമാനം മതിയാകുന്നതാണ്.

**തിരഞ്ഞെടുപ്പ് :-**

ഓരോ അദ്ധ്യയന വർഷവും ജൂൺ, ജൂലായ് മാസങ്ങളിൽ അപേക്ഷ ക്ഷണിച്ച് അർഹരായ വിദ്യാർത്ഥികളുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ച് യോഗ്യതമാർക്കും വരുമാനവും അടിസ്ഥാനപ്പെടുത്തി അപേക്ഷകരിൽ നിന്നും അന്തിമപ്പട്ടിക പ്രസിദ്ധീകരിക്കുന്നു. ബി.പി.എൽ വിഭാഗ

ത്തിലെയും, അനാഥാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ മുഖേന അപേക്ഷിക്കാം.

## പരിശീലന സ്ഥാപനങ്ങൾ :-

സംസ്ഥാനത്തെയോ പുറത്തെയോ ഉയർന്ന നിലവാരമുള്ള അഞ്ചുവർഷത്തിലേറെ പ്രവർത്തിപരിചയമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വരായിരിക്കണം വിദ്യാർത്ഥികൾ. UGC/NET/JRF പരീക്ഷകളിൽ പരിശീലനം നൽകുന്ന സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. പിന്നാക്ക വിഭാഗങ്ങൾ നടത്തുന്ന കോളേജുകളുമായി സഹകരിച്ച് പ്രത്യേക പരിശീലന ക്ലാസ്സുകൾക്കുള്ള സാധ്യതയും ആരായുന്നതാണ്.

## ധനകാര്യ വിശകലനം :-

ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 25,000/- രൂപയാണ് അനുവദിക്കുക. പരിശീലന ഫീസും, പരിശീലന സാമഗ്രികളുമടക്കമുള്ള പരമാവധി തുകയാണിത്. സ്ഥാപനത്തിന്റെ രസീതിന്റെ ഒറിജിനൽ ഹാജരാക്കുന്നവർക്ക് മാത്രമേ തുക അനുവദിക്കൂ. സർക്കാർ/എയ്ഡഡ് കോളേജുകളിലെ പരിശീലനത്തിന് സ്ഥാപനമേധാവി / ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് തുക പരമാവധി ഗ്രാന്റിനുള്ളിൽ നിർത്തി അനുവദിക്കുന്നതാണ്. 2017-18-ൽ 100 പേർക്ക് 25 ലക്ഷം രൂപ 2225-03-277-90 (പി)-ൽ നിന്നും അനുവദിക്കുന്നതിന് ലക്ഷ്യമിടുന്നു. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ തുക അനുവദിക്കുകയുള്ളൂ.

## തുക വിതരണം :-

അനുവദിക്കുന്ന തുക ഉദ്യോഗാർത്ഥിയുടെ / വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതാണ്.

പദ്ധതി നടത്തിപ്പ് :-

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആയിരിക്കും പദ്ധതി നിർവ്വഹണം നടത്തുക. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ കോളേജുകളുടെ സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തു ന്നതിനുള്ള ബാധ്യത സംബന്ധിച്ച് അവരുമായി കരാറിടപാട് നടത്തും.

പദ്ധതി മോണിറ്ററിംഗ് :-

പദ്ധതിയുടെ മോണിറ്ററിംഗ് പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർവ്വഹിക്കുന്നതായിരിക്കും.

പദ്ധതി – 2

## സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സ്വയം തൊഴിൽ സഹായ പദ്ധതി

**ലക്ഷ്യം :-**

വയനാട്ടിലെ പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളിൽ കണ്ടുവരുന്ന ഒരു ജനിതക രോഗമാണ് സിക്കിൾ സെൽ അനീമിയ. ഇതിൽ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ജനവിഭാഗങ്ങൾക്കായി നിരവധി പുനഃരധിവാസ പദ്ധതി നിലവിൽ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട വയനാടൻചെട്ടി, മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി, കുണ്ടുവടിയൻ എന്നീ സമുദായങ്ങൾക്ക് ഇത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല. വളരെ ക്ലേശകരമായ സാമൂഹ്യ സാഹചര്യങ്ങളിൽ ജീവിക്കുന്ന ഈ രോഗികൾ വളരെയേറെ അവശത അനുഭവിക്കുന്നുണ്ട്. ഈ രോഗികൾ കഠിനമായ ശാരീരിക അധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യുന്നതിന് സാധിക്കുന്നവരല്ല. നാൽപത്തിയഞ്ച് അൻപത് വയസ്സുവരെ മാത്രമേ ഇവർ പരമാവധി ജീവിക്കുന്നുള്ളൂ. ഈ രോഗം ബാധിച്ചവരുടെ കുടുംബങ്ങൾ പലപ്പോഴും സാമൂഹ്യ ഭ്രഷ്ടിന്റെ കൂടി വക്കിലാണുള്ളത്.

ഈ രോഗികൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയിലൂടെ ഇവരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ :-**

സിക്കിൾ സെൽ (അരിവാൾ രോഗം) അനീമിയ രോഗികളിൽ സ്വയം തൊഴിൽ ശേഷിയുള്ള യുവതീയുവാക്കളെയും രോഗം ബാധിച്ച കുട്ടികളുടെ അൻപത് വയസ്സ് അധികരിക്കാത്ത അച്ഛൻ/അമ്മ എന്നിവർക്കാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

പദ്ധതി :-

ടി പദ്ധതി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം പിന്നാക്ക വിഭാ വികസന വകുപ്പിന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ഈ അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ മീനങ്ങാടി മേഖലാ ഓഫീസറുടെ അഭിപ്രായം കുറിപ്പോടുകൂടി സമർപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിന് ടി കോർപ്പറേഷന്റെ സേവനം ലഭ്യമാക്കുന്നതുമാണ്. ടി സ്കീമിന്റെ ഗുണഭോക്താക്കൾക്ക് നേരിട്ട് ചെയ്യാവുന്നതും അച്ഛൻ/അമ്മ മറ്റ് ആശ്രിതർ വഴി നടത്താവുന്നതുമായ ചുവടെ രേഖപ്പെടുത്തുന്ന സംരംഭങ്ങൾക്കാണ് സഹായം അനുവദിക്കുക.

1. സ്റ്റേഷനറി സ്റ്റോർ / കൂൾ ബാർ.
2. ഡി.റ്റി.പി. സെന്റർ.
3. പശു വളർത്തൽ
4. കോഴിഫാം.
5. കരകൗശല വസ്തുക്കളുടെ നിർമ്മാണ വിപണനം.
6. ചെറുകിട ഹോട്ടൽ.
7. ഓട്ടോ / പിക്കപ്പ് വാൻ

   ഇതു കൂടാതെ ലാഭകരമായി നടപ്പിലാക്കാവുന്ന ഏതു സംരംഭവും അതിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ അനുവദി ക്കാവുന്നതാണ്.

അർഹത മാനദണ്ഡം :-

അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപായിൽ അധികരിക്കരുത്. ഗുണഭോക്താവ് സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം. സിക്കിൾ സെൽ അനീമിയ രോഗം സംബന്ധിച്ച

അസിസ്റ്റന്റ് സർജന്റ് റാങ്കിൽ കുറയാത്ത ഡോക്ടറിൽ നിന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പ്രായം 50 വയസ്സ് കവിയാൻ പാടില്ല.

## ധനകാര്യ വിശകലനം :-

ഒരു ഗുണഭോക്താവിന് പരമാവധി 1 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്നു. ആകെ 100 ഗുണഭോക്താക്കൾക്കായി ആകെ 100 ലക്ഷം രൂപ അനുവദിക്കുന്നു.

100 x 100000 = 1,00,00,000 രൂപ.

പദ്ധതിയ്ക്ക് ആവശ്യമായ തുക 1 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് അതിനുള്ള വായ്പ അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികളെടുക്കാവുന്നതാണ്.

## തെരഞ്ഞെടുപ്പ് രീതി :-

പദ്ധതി സംബന്ധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വാർത്താ മാധ്യമങ്ങളിലൂടെ നൽകുന്ന അറിയിപ്പിന്റെയും പരസ്യത്തിന്റെയും അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ അപേക്ഷ സ്വീകരിക്കുന്നു. അവസാന തീയതിയ്ക്ക് മുൻപ് ലഭിച്ച അപേക്ഷകരിൽ നിന്നും വാർഷിക വരുമാനത്തിന്റെയും പദ്ധതിയുടെയും അടിസ്ഥാനത്തിൽ പ്രാരംഭ തെരഞ്ഞെടുപ്പ് നടത്തുന്നു. പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നമുറയ്ക്ക് ആദ്യഘട്ടമായി 50000/- രൂപ നൽകുന്നു. ആരംഭിച്ച പദ്ധതിയുടെ പുരോഗതി വിലയിരുത്തി അർഹതയുള്ളപക്ഷം രണ്ടാംഗഡുവായി 50000/- രൂപ കൂടി അനുവദിക്കുന്നു.

## പദ്ധതി നിർവ്വഹണം :-

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനെ പദ്ധതി നിർവ്വഹണം ഏൽപ്പിക്കുന്നതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ കോഴിക്കോട് മേഖലാ ഓഫീസർ പദ്ധതി നിർവ്വഹിക്കുന്നതാണ്. ആവശ്യമായ സാങ്കേതിക

സഹായങ്ങൾ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വയനാട് മേഖലാ ഓഫീസറിൽ നിന്നും സ്വീകരിക്കാവുന്നതാണ്.

**പദ്ധതി മോണിറ്ററിംഗ് :-**

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പദ്ധതി മോണിറ്റർ ചെയ്യുന്നതും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

പദ്ധതി- 3

## ഒ.ബി.സി. വിഭാഗത്തിൽ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം

**ലക്ഷ്യം :-**

പ്രൊഫഷണൽ വിദ്യാഭ്യാസം സാർവ്വത്രികമായതോടെ പിന്നാക്ക വിഭാഗങ്ങളിൽ നിന്ന് വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ച് ഉന്നത നിലയിൽ വിജയം വരിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടാകുന്നത്. ഉന്നത വിജയം നേടുന്നവർക്കെല്ലാം സർക്കാർ തലത്തിലോ, മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലോ ജോലി ലഭിക്കുന്ന സ്ഥിതി വിശേഷം ഇന്നില്ല. സ്വകാര്യ മേഖലയിലാണ് കൂടുതൽ തൊഴിലവസരങ്ങളെന്നതിനാൽ ഈ മേഖലയിൽ കടന്നുവരുന്നതിന് പിന്നാക്ക വിഭാഗങ്ങൾക്ക് തടസ്സം നേരിടുന്നു. ഉയർന്ന സാമ്പത്തിക നിക്ഷേപം ആവശ്യമായതിനാൽ സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സാധിക്കുന്നില്ല. ഇത്തരം പ്രതിസന്ധികളെ ക്രിയാത്മകമായി മറികടക്കുന്നതിനാണ് പുതിയ പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്തിലെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ബിരുദ തലത്തിലുള്ള വിവിധ പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയ യുവജനങ്ങൾക്ക് മികച്ച സ്വകാര്യ സംരംഭങ്ങൾ സ്റ്റാർട്ട് അപ് മാതൃകയിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

**പദ്ധതി :-**

ടി പദ്ധതി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംരംഭം തുടങ്ങുന്നതിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ആയി അനുവദിക്കുന്നതിന് ലക്ഷ്യമിടുന്നു. 20% തുക അല്ലെങ്കിൽ പരമാവധി

2,00,000/- രൂപ സബ്സിഡി ആയി നൽകുന്നു. MBBS, BDS, BAMS, B.Tech, BHMS തുടങ്ങിയ പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞ ബിരുദധാരികളായ അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർഷറേഷൻ മേഖലാ ഓഫീസുകൾ വഴി സമർഷിക്കേണ്ടതും മേഖലാ ഓഫീസർമാർ പദ്ധതിയുടെ പ്രയോഗക്ഷമത പരിശോധിച്ച് വകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകേണ്ടതുമാണ്. വകുപ്പ് ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന കോർഷറേഷൻ മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവരടങ്ങിയ സമിതി പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നു.

കോർഷറേഷൻ പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നു. വായ്പാ നിബന്ധനകൾ കോർഷറേഷന്റേതായിരിക്കും. പിന്നാക്ക വിഭാഗ വികസന വകുപ്പ് ബാക്ക് എൻഡ് സബ്സിഡി തുക കോർഷറേഷന് നൽകുന്നു.

പ്രോജക്ട് റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർഷിച്ച് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതിന് തെരഞ്ഞെടുക്കുന്നു. ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ നിശ്ചിത മാതൃകയിൽ വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്.

പട്ടികജാതി വികസന വകുപ്പിന്റെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് അർഹതയുള്ള ഒ.ബി.സി സംരഭർക്ക് ഈ പദ്ധതി മുഖേന റിവോൾവിംഗ് ഫണ്ട് അനുവദിയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

## ഗുണഭോക്താക്കളും അർഹതാമാനദണ്ഡവും :-

ഗുണഭോക്താവ് സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ വിജയകരമായി

പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം കവിയരുത്.

**ധനകാര്യ വിശകലനം :-**

ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 10 ലക്ഷം രൂപയായിരിക്കും. ഇത് വായ്പയായി കോർപ്പറേഷൻ അനുവദിക്കുന്നു. വായ്പ തുകയുടെ 20% സർക്കാർ കോർപ്പറേഷന് ബാക്ക് എൻഡ് സബ്സിഡിയായി അനുവദിക്കുന്നു. പരമാവധി 25 പേർക്ക് 2,00,000/- രൂപ നിരക്കിൽ 50 ലക്ഷം രൂപ. ആദ്യ വർഷം വകയിരുത്തുന്നു.

25 x 2,00,000 = 50,00,000 രൂപ.

**പദ്ധതി നിർവ്വഹണം :-**

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ പദ്ധതി നിർവ്വഹിക്കുന്നു.

**പദ്ധതി മോണിറ്ററിംഗ് :-**

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നതും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.